പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2668

14/02/2013-ൽ
മറുപടിയ്ക്കു്

## ടോയ്‌ലെറ്റ് സൗകര്യം ഇല്ലാത്ത ക്ഷേത്രങ്ങൾ

ചോദ്യം

ശ്രീമതി പി. അയിഷാ പോറ്റി

ഉത്തരം

ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പു മന്ത്രി.

| | | | |
|---|---|---|---|
| എ) | തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളുടെ എണ്ണം എത്ര; | എ) | 1245 ക്ഷേത്രങ്ങൾ. |
| ബി) | പ്രസ്തുത ക്ഷേത്രങ്ങളിൽ ടോയ്‌ലെറ്റ് സൗകര്യം ഇല്ലാത്ത എത്ര ക്ഷേത്രങ്ങളുണ്ട്; | ബി) | ബോർഡിൻെറ കീഴിൽ ടോയ്‌ലറ്റ് സൗകര്യങ്ങളില്ലാത്ത ക്ഷേത്രങ്ങളുടെ ലിസ്റ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തയ്യാറാക്കി വരുന്നു. എന്നാൽ പ്രധാനപ്പെട്ട ക്ഷേത്രങ്ങളിലെല്ലാം തന്നെ ടോയ്‌ലറ്റ് സൗകര്യം നിലവിലുള്ളതുമാണ്. |
| സി) | കൊട്ടാരക്കര ഗ്രൂപ്പിൽപ്പെട്ട ക്ഷേത്രങ്ങളിൽ ടോയ്‌ലെറ്റ് സൗകര്യം ഇല്ലാത്ത ക്ഷേത്രങ്ങൾ ഏതെല്ലാമാണെന്നും നാളിതുവരെ പ്രസ്തുത ക്ഷേത്രങ്ങളിൽ ടോയ്‌ലെറ്റ് സൗകര്യം സജ്ജമാക്കാത്തതിന്റെ കാരണങ്ങളും വിശദമാക്കുമോ ; | സി) | കൊട്ടാരക്കര ഗ്രൂപ്പിൽപ്പെട്ട പ്രധാനപ്പെട്ട ക്ഷേത്രങ്ങളിലെല്ലാം ടോയ്‌ലറ്റ് സൗകര്യമുണ്ട്. ടോയ്‌ലറ്റ് സൗകര്യമില്ലാത്ത ക്ഷേത്രങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി അയയ്ക്കുന്നതിന് അസിസ്റ്റൻറ് കമ്മീഷണർക്കും അസിസ്റ്റൻറ് എഞ്ചിനീയർക്കും ദേവസ്വം ബോർഡിൽ നിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ഡി) | തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിലുള്ള ടോയ്‌ലെറ്റ് സൗകര്യം ഇല്ലാത്ത ക്ഷേത്രങ്ങളിൽ പ്രസ്തുത സൗകര്യം അടിയന്തിരമായി സജ്ജമാക്കുന്നതിന് സ്വീകരിക്കുന്ന നടപടിക്രമങ്ങൾ വിശദമാക്കുമോ? | ഡി) | ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങളിൽ ടോയ്‌ലറ്റ് സൗകര്യമില്ലാത്തിടത്ത് ക്ഷേത്രാചാരങ്ങൾക്ക് തടസ്സമില്ലാത്ത രീതിയിൽ ടോയിലറ്റ് സജ്ജമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു |

സെക്ഷൻ ഓഫീസർ